**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/082/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 16 -12- 2024**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ.റിയാസ്.ഇ.ആർ<br>തനൂജ മൻസിൽ<br>പുത്തൻകടവ്,<br>കണിയാപുരം പി.ഒ - **695301.**<br>തിരുവന്തപുരം |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കണിയാപുരം<br>തിരുവന്തപുരം |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

തിരുവനന്തപുരം ജില്ലയിലെ കണിയാപുരം മുസ്ലിം ഹൈസ്കൂളിൽ പഴയ കെട്ടിടത്തിൽ നിന്നും മീറ്റർ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചത് സംബന്ധിച്ചാണ് പരാതി. പരാതിക്കാരൻ ഉപഭോക്താവോ ഉപഭോക്താവിന്റെ പ്രതിനിധിയോ അല്ല. അവിടെ രണ്ട് സ്കൂൾ നിലവിലുണ്ട്. ഒന്ന് കണിയാപുരം മുസ്ലിം ഹൈസ്കൂൾ **(Boys)**, രണ്ട് കണിയാപുരം മുസ്ലിം ഹയർസെക്കന്ററി സ്കൂൾ **(Girls)**. **Boys high school** - ന്റെ തലവൻ **Headmaster** ഉം **Girls Higher Secondary School** - ന്റെ തലവൻ **principal** ഉം ആണ്. യഥാക്രമം **Headmaster** ഉം **Principal** ഉം ആണ് ഉപഭോക്താക്കൾ. വളരെ പഴകിയ കെട്ടിടങ്ങളിൽ സ്ഥിതിചെയ്തിരുന്ന മീറ്റർ പുതിയതായി നിർമ്മിച്ച ബഹുനില കോൺക്രീറ്റ്

കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിച്ചതിനെക്കുറിച്ചാണ് പരാതി സമർപ്പിച്ചിരിക്കുന്നത്.

സുരക്ഷിതമല്ലാത്ത പുതിയ കെട്ടിടത്തിലേയ്ക്ക് കണക്ഷൻ മാറ്റിസ്ഥാപിച്ചതിനെക്കുറിച്ചാണ് ആക്ഷേപം ഉന്നയിച്ചിരിക്കുന്നത് .കെട്ടിടങ്ങൾ സുരക്ഷിതമല്ല എന്നാരോപിച്ചിരിക്കുന്നതിനാൽ കണിയാപുരം ഇലക്ട്രിക്കൽ ഡിവിഷൻ AEE യുടേയും കണിയാപുരം ഇലക്ട്രിക്കൽ സെക്ഷൻ AE യുടേയും സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തുകയുണ്ടായി. പുതിയതായി മീറ്റർ സ്ഥാപിച്ചിരിക്കുന്ന ബഹുനില കോൺക്രീറ്റ് കെട്ടിടങ്ങൾ സുരക്ഷിതമാണെന്ന് ബോധ്യപ്പെട്ടു. കൂടാതെ അവിടെ സ്ഥാപിച്ചിട്ടുള്ള distribution Board - ൽ ELCB പോലുള്ള സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചിരിക്കുന്നതായും കണ്ടു. മുൻപ് മീറ്റർ സ്ഥാപിച്ചിരുന്ന ഒരു കെട്ടിടം ഇടിഞ്ഞു വീണിട്ടുള്ളതായും മറ്റേ കെട്ടിടത്തിലേയ്ക്ക് വന്നിരുന്ന സർവീസ് വയർ സുരക്ഷിതമല്ലാതിരുന്നതായും കാണുകയുണ്ടായി. ഇപ്പോഴുള്ള രണ്ട് കണക്ഷനുകളും രണ്ട് പോസ്റ്റുകളിൽ നിന്നും OH കേബിളുകളിലൂടെ വലിച്ചിരിക്കുന്ന 3 ഫേസ് ലൈനുകളാണ്.

പരാതിക്കാരൻ ഉപഭോക്താവോ, ഉപഭോക്താവിന്റെ പ്രതിനിധിയോ അല്ല എന്നും മാത്രമല്ല ആ വിദ്യാലയത്തിലെ സർക്കാർ ശമ്പളം കൈപ്പറ്റുന്ന ഒരു ഉദ്യോഗസ്ഥനാണ്. ഈ സ്കൂളിന്റെ ഉടമസ്ഥാവകാശത്തെപ്പറ്റിയുള്ള കോടതി വ്യവഹാരങ്ങളിലൂടെ ഓരോ കുടുംബക്കാർക്കും നിശ്ചിത കാലയളവിൽ ഇതിന്റെ നടത്തിപ്പവകാശം പങ്കുവയ്ക്കപ്പെടുന്നു. നാലോ അഞ്ചോ കുടുംബക്കാരാണ് ഇങ്ങനെ ഉടമസ്ഥാവകാശം പങ്കുവയ്ക്കപ്പെടുന്നത്. ഇതിൽ ഓരോ കുടുംബക്കാരനിൽ നിന്നും അവർ തീരുമാനിക്കുന്ന ഒരു വ്യക്തിയായിരിക്കും ആ കാലയളവിൽ അതിന്റെ മാനേജർ സ്ഥാനം വഹിക്കുന്നത്. ഇവിടെ പരാതിക്കാരൻ ഒരു സർക്കാർ ഉദോഗസ്ഥനായിരിക്കുന്നതിനാൽ തന്നെ റിട്ടയറാകുന്നതുവരെ ഇതിന്റെ മാനേജർ പദവി കൈകാര്യം ചെയ്യാൻ കഴിയാത്തതിനാൽ തന്നെ ഇതിന്റെ നടത്തിപ്പുക്കാരനായി കണക്കാക്കാനും കഴിയില്ല.

# <u>പരാതിയുടെ നിലനില്പ്</u>

പരാതിക്കാരൻ ഉപഭോക്താവോ, ഉപഭോക്താവിന്റെ ചുമതലക്കാരനോ, ഈ സ്കൂളിന്റെ നടത്തിപ്പുകാരനോ അല്ലാത്തതിനാൽ തന്നെ ഈ പരാതി നിലനിൽക്കുമോ എന്നത് പരിശോധിക്കേണ്ടിയിരിക്കുന്നു.

**KSERC (CGRF & Ombudsman) Regulation 2023** ൽ ആർക്കൊക്കെ പരാതിക്കാരാകാം എന്നത് വിശദീകരിച്ചിരിക്കുന്നു. **Regulation 2(6)** - ൽ ആണ് ഇത് പ്രതിപാദിച്ചിരിക്കുന്നത്.

2(6) <u>**"Complainant"**</u> *means any person who submits the complaint or grievance or representation as defined in these regulations against the distribution licensee and include the following:*

(i) *any consumer of electricity supplied by the licensee as defined under clause ( 15) of section 2 of the Act, including applicants for new connections; or*

(ii) *a voluntary electricity consumer association/ forum or other body corporate or group of electricity consumers; or*

(iii) *the Central Government or State Government - who or which makes the complaint; or*

**(iv)** *in the case of death of a consumer, his legal heirs or representatives;*

കൂടാതെ **The Electricity Act Section 2(15)** ൽ ഉപഭോക്താവ് ആരാണെന്ന് നിർവചിക്കപ്പെട്ടിരിക്കുന്നു.

***Section 2(15)*** *"consumer" means any person who is supplied with electricity for his own use by a licensee or the Government or by any other person engaged in the business of supplying electricity to the public under this Act or any other law for the time being in force and includes any person whose premises are for the time being connected for the purpose of receiving electricity with the works of a licensee, the Government or such other person, as the case may be;*

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന **Regulation** ൽ ഒന്നുംപെടാത്ത വ്യക്തിയാണ് ഈ പരാതി സമർപ്പിച്ചിരിക്കുന്നത്. അതിനാൽ തന്നെ ഈ പരാതി നിലനിൽക്കുന്നതല്ല.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, സ്ഥല പരിശോധന നടത്തി മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. **KSERC (CGRF & Ombudsman) Regulation 2023** പ്രകാരം ഈ പരാതി നിലനിൽക്കുന്നതല്ലാത്തതിനാൽ ഈ പരാതി തള്ളിക്കൊണ്ട് ഉത്തരവാകുന്നു.
2. മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/082/2024/** തീയതി: **16/12/2024.**

**അയക്കുന്നത്:**

1. ശ്രീ.റിയാസ്. ഇ.ആർ, തനൂജ മൻസിൽ, പുത്തൻ കടവ്, കണിയാപുരം പി.ഒ,തിരുവനന്തപുരം.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കണിയാപുരം,തിരുവനന്തപുരം.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം **-10.**
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- **4.**
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര - **691506**